ഉത്തരം

(എ) ഉണ്ട്.

(ബി) പി.ആർ.ഡി.-യിൽ നിന്നും നൽകിയിട്ടില്ല.

(സി) സുപ്രീംകോടതി വിധിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച കൊണ്ടാണ് പരസ്യങ്ങൾ നൽകിവരുന്നത്.

വികസന സമന്വയം - ടാബ്ലോയ്ഡ് പ്രസിദ്ധീകരണം

80 (1448) ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവര-പൊതുജന സമ്പർക്ക വകുപ്പ് വികസന സമന്വയം എന്ന പേരിൽ ടാബ്ലോയ്ഡ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ആയതിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാമോ ;

(സി) ആയതിന്റെ പ്രസിദ്ധീകരണ ചുമതല ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത് ; അവരെ ഏർപ്പെടുത്തിയ രീതി വിശദമാക്കാമോ ;

(ഡി) വികസനസമന്വയത്തിന്റെ പ്രസിദ്ധീകരണച്ചെലവിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ ; എങ്കിൽ ആയത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവര-പൊതുജന സമ്പർക്ക വകുപ്പ് നേരത്തെ പ്രസിദ്ധീകരിച്ചിരുന്ന വികസന സമന്വയം എന്ന ന്യൂസ് ലെറ്ററാണ് ഇപ്പോൾ ടാബ്ലോയ്ഡായി പുറത്തിറക്കുന്നത്. 16 പേജുള്ള ബഹുവർണ്ണ അച്ചടിയിലാണ് ഇത് പ്രസിദ്ധീകരിക്കുന്നത്.

(സി) ടാബ്ലോയ്ഡായി പ്രസിദ്ധീകരിച്ച വികസന സമന്വയത്തിന്റെ ആദ്യലക്കം പരീക്ഷണാർത്ഥമായിരുന്നു. വകുപ്പിന്റെ മീഡിയാ ലിസ്റ്റിൽ 'സി', 'ഡി' കാറ്റഗറി

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങളിൽനിന്നും ടി പത്രം അച്ചടിച്ച് അവരുടെ ഏജന്റുമാർവഴി വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. മാതൃഭൂമി, കേരള കൗമുദി, മാധ്യമം, തേജസ്, മെട്രോ വാർത്ത എന്നീ പത്രസ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. ലഭിച്ച ക്വട്ടേഷനുകൾ പരിശോധിച്ച് സ്വീകാര്യമായ കറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച പത്രസ്ഥാപനങ്ങളുമായി ചർച്ച നടത്തി യുക്തമായ നിരക്കുകളും അച്ചടി സംവിധാനങ്ങളും വിതരണശൃംഖലയുമുള്ള മാതൃഭൂമിയെ അച്ചടിക്കും വിതരണത്തിനും ചുമതലപ്പെടുത്തി. തുടർന്ന് രണ്ട് ലക്കങ്ങൾകൂടി അച്ചടിച്ച് വിതരണം ചെയ്യാൻ മാതൃഭൂമിയെ ചുമതല പ്പെടുത്തിയിരുന്നു.

മന്ത്രിസഭാ വാർഷികാഘോഷത്തോടനുബന്ധിച്ച് 15 ലക്ഷം കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യാൻ ക്വട്ടേഷൻ ക്ഷണിക്കുകയും നിശ്ചിത അനുപാതത്തിൽ പത്രം അച്ചടിച്ച് വിതരണം ചെയ്യാൻ മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, മംഗളം എന്നീ പത്രങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. നിയമസഭ ഉപതെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ തിരുവനന്തപുരം ജില്ലയെ ഒഴിവാക്കിയാണ് പ്രത്യേക ലക്കത്തിന്റെ വിതരണം.

(ഡി) വികസന സമന്വയത്തിന്റെ മാർച്ച്-ഏപ്രിൽ ലക്കം അച്ചടിച്ച് വിതരണം ചെയ്തവകയിൽ 24,99,000 രൂപ കോഴിക്കോട് മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗിന് നൽകിയിട്ടുണ്ട്.

സർക്കാർ പരിപാടികൾ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ചെലവഴിച്ച തുക

81 (T 1449) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ പരിപാടികൾ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി എത്ര തുക ചെലവഴിച്ചു ;

(ബി) ഓരോ വകുപ്പിന്റെയും കണക്ക് പ്രത്യേകം പ്രത്യേകം നൽകാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ പരിപാടികൾ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി മുൻകാല കടിശ്ശികയുൾപ്പെടെ പത്ര മാധ്യമങ്ങൾക്ക് ഏകദേശം 69,69,70,093 രൂപയും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് ഏകദേശം 21,05,18,733 രൂപയും ചെലവായിട്ടുണ്ട്. എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള പരസ്യം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖാന്തരമാണ് നൽകുന്നത്.

'T' മാർവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly